# 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2022 ഡിസംബർ 7 -ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം : | | |
| | I. വിയോജനക്കുറിപ്പ് | .. | 3 |
| | II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി II

## (ഭൂനികുതിയും ദേവസ്വവും)

## (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. രാജൻ,
റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും -ദേവസ്വവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ഡോ. എൻ. ജയരാജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എം. രാജഗോപാലൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. സജി ചെറിയാൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

## 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കായി അയച്ച 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ (ബിൽ നമ്പർ 102) കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ 2022 ഏപ്രിൽ 30-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2022 ഡിസംബർ 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2022 ഡിസംബർ 6-ാം തീയതി സഭാ സമ്മേളനത്തിന് ശേഷം ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 3

ഖണ്ഡം 3 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 23 എ (6) വകുപ്പിൽ "കണ്ടുകെട്ടിയ മണലിന്റെ മതിപ്പ് വില" എന്നീ വാക്കുകൾക്കു പകരം " കണ്ടുകെട്ടിയ മണലിന്റെ വില, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതനുസരിച്ച്, " എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**കെ. രാജൻ,**

തിരുവനന്തപുരം,
2022 ഡിസംബർ 7.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

## അനുബന്ധം I

## വിയോജനക്കുറിപ്പ്

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴ ശിക്ഷ 5 ലക്ഷം രൂപയായും ലംഘനം തുടരുന്ന സാഹചര്യത്തിൽ അപ്രകാരം തുടരുന്ന ഓരോ ദിവസത്തിനും 50,000 രൂപയായും ഉയർത്തുന്നതിനും, പ്രസ്തുത നിയമത്തിലെ വകുപ്പ് 23 എ പ്രകാരം കണ്ടുകെട്ടുന്ന മണൽ മതിപ്പ് വില നിശ്ചയിച്ച് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തുന്നതിന് ജില്ലാ കളക്ടറെ അധികാരപ്പെടുത്തുന്നതിനും വേണ്ടി പ്രസ്തുത ആക്ട് ഭേദഗതി ചെയ്യുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നിയമലംഘനത്തിനുള്ള പിഴ ശിക്ഷ ഉയർത്തുന്നതിനോടൊപ്പം അനധികൃത മണൽ കടത്ത് തടയുവാൻ മേൽപ്പറഞ്ഞ നിയമം കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കാത്തതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

എൻ. എ. നെല്ലിക്കുന്ന് (ഒപ്പ്)

അനുബന്ധം II

# 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരയിട്ടത് സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു.]

## 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 20-ാം വകുപ്പിന്റെ ഭേദഗതി.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 20-ാം വകുപ്പിലെ "ഇരുപത്തി അയ്യായിരം" എന്ന വാക്കുകൾക്ക് പകരം "അഞ്ച് ലക്ഷം" എന്ന വാക്കുകളും "ആയിരം" എന്ന വാക്കിന് പകരം "അമ്പതിനായിരം" എന്ന വാക്കും യഥാക്രമം ചേർക്കേണ്ടതാണ്.

3. 23 എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 23 എ വകുപ്പിലെ (6)-ാം ഉപവകുപ്പിൽ "കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക് 'വിൽക്കേണ്ടതും"

എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കണ്ടുകെട്ടിയ മണലിന്റെ വില , സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതനുസരിച്ച്, ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വില്പന നടത്തേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം ,
2022 ഡിസംബർ 7.

**എ. എം. ബഷീർ,**
*സെക്രട്ടറി.*